**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1029** **14-10-2026-ൽ മറുപടിയ്ക്ക്**

**ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹനത്തിന് നടപടി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. റെജി ചെറിയാൻ
ശ്രീ. വർഗീസ് മാമ്മൻ

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് മത്സ്യക്ഷാമവും ട്രോളിംഗ് നിരോധന കാലത്തെ വിലക്കയറ്റവും തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ;

**മറുപടി:** സംസ്ഥാനത്ത് മത്സ്യക്ഷാമം നിയന്ത്രിക്കുന്നതിനും ട്രോളിംഗ് നിരോധനകാലത്ത് മത്സ്യലഭ്യത ഉറപ്പാക്കുന്നതിനും മത്സ്യവിലയിലെ അനിയന്ത്രിതമായ വർധനവ് തടയുന്നതിനുമായി വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. ട്രോളിംഗ് നിരോധനകാലത്ത് പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് നിലവിലുള്ള നിയമങ്ങൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി മത്സ്യബന്ധനം നടത്താൻ അനുമതി നൽകുന്നത് മത്സ്യലഭ്യത നിലനിർത്താൻ സഹായിക്കുന്നു.

മത്സ്യലഭ്യതയിലുണ്ടാകുന്ന കുറവുമൂലമുള്ള വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി മത്സ്യത്തിന്റെ വരവ്, വിപണിയിലെ ലഭ്യത, വിലനിലവാരം എന്നിവ നിരീക്ഷിക്കുന്നതും മത്സ്യത്തിന്റെ ഗുണനിലവാരവും സുരക്ഷിതത്വവും ഉറപ്പാക്കുന്നതിനുള്ള പരിശോധനകൾ നടത്തുന്നതും പ്രസക്തമാണ്. മത്സ്യത്തിന്റെ ലഭ്യത വർധിപ്പിക്കുന്നതിനായി ഉത്തരവാദിത്വപൂർണവും ശാസ്ത്രീയവുമായ മത്സ്യബന്ധനരീതികൾ പ്രോത്സാഹിപ്പിക്കുക, നിയമവിരുദ്ധവും ചെറുമത്സ്യങ്ങളെ പിടിക്കുന്നതുമായ മത്സ്യബന്ധനം തടയുക, മത്സ്യകൃഷിയും ഉൾനാടൻ മത്സ്യോൽപ്പാദനവും പ്രോത്സാഹിപ്പിക്കുക, മത്സ്യത്തിന്റെ കേടുപാടുകൾ കുറയ്ക്കുന്നതിനായി ശീതീകരണ-സംഭരണ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക തുടങ്ങിയ നടപടികളും പ്രാധാന്യത്തോടെ നടപ്പാക്കുന്നു. വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഉൾനാടൻ മത്സ്യകൃഷി പദ്ധതികളുടെ വിളവെടുപ്പ് മൺസൂൺ ട്രോളിംഗ് നിരോധന സമയത്ത് ആനുപാതികമായി നടപ്പിലാക്കുന്നതുവഴിയും വിപണിയിൽ ഗുണനിലവാരമുള്ള മത്സ്യത്തിന്റെ ലഭ്യത ഉറപ്പാക്കാനും വില നിയന്ത്രിക്കാനും കഴിയുന്നു. ഉൾനാടൻ ജലാശയങ്ങളിൽ നടപ്പാക്കുന്ന മത്സ്യവിത്ത് നിക്ഷേപ പദ്ധതികളിലൂടെ ഉൾനാടൻ മത്സ്യസമ്പത്തിന്റെ ഉൽപ്പാദനം വർധിപ്പിക്കാനും മത്സ്യലഭ്യത ഉറപ്പാക്കാനും കഴിയുന്നു.

**(ബി)** ഇതര സംസ്ഥാനങ്ങളിൽനിന്ന് പഴകിയതും നിരോധിത രാസവസ്തുക്കൾ ചേർത്തതുമായ മത്സ്യം എത്തുന്നത് തടയുന്നതിന് ഫിഷറീസ് വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ;

**മറുപടി:** ഇതര സംസ്ഥാനങ്ങളിൽനിന്ന് കേരളത്തിലേക്ക് എത്തിക്കുന്ന മത്സ്യത്തിന്റെ ഗുണനിലവാരവും ഭക്ഷ്യസുരക്ഷയും ഉറപ്പുവരുത്തുന്നതിനായി ഫിഷറീസ് വകുപ്പ് ഭക്ഷ്യസുരക്ഷാ വകുപ്പുമായി ഏകോപനം നടത്തി നടപടികൾ സ്വീകരിച്ചുവരുന്നു.

ഇതിന്റെ ഭാഗമായി മത്സ്യവിപണികൾ, മൊത്തവ്യാപാര കേന്ദ്രങ്ങൾ, മത്സ്യം എത്തിക്കുന്ന വാഹനങ്ങൾ എന്നിവിടങ്ങളിൽ പരിശോധന നടത്തുകയും മത്സ്യത്തിൽ ഫോർമാലിൻ, അമോണിയ തുടങ്ങിയ നിരോധിത രാസവസ്തുക്കളുടെ സാന്നിധ്യം സംശയിക്കുന്ന സാഹചര്യങ്ങളിൽ സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്യുന്നു.

പരിശോധനയിൽ ഭക്ഷ്യയോഗ്യമല്ലാത്തതോ നിരോധിത രാസവസ്തുക്കൾ ചേർത്തതോ ആയ മത്സ്യം കണ്ടെത്തുന്നപക്ഷം ബന്ധപ്പെട്ട നിയമങ്ങൾ പ്രകാരം മത്സ്യം പിടിച്ചെടുക്കുക, നശിപ്പിക്കുക, ഉത്തരവാദികളായവർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുക തുടങ്ങിയ നടപടികൾ ഭക്ഷ്യസുരക്ഷാ വകുപ്പ് മുഖേന സ്വീകരിക്കുന്നതാണ്.

കൂടാതെ, മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും ഉപഭോക്താക്കളിൽ അവബോധം സൃഷ്ടിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. മത്സ്യത്തിന്റെ ഗുണനിലവാരവും സംഭരണ-വിതരണ രീതികളും നിയന്ത്രിക്കുന്നതിന് ഭക്ഷ്യസുരക്ഷാ നിയമങ്ങൾ വഴി നടപടികൾ സ്വീകരിക്കുന്നുണ്ട്.

പൊതുജനങ്ങൾക്ക് ഗുണനിലവാരമുള്ള മത്സ്യത്തിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനോടൊപ്പം മത്സ്യത്തൊഴിലാളികൾക്ക് അവരുടെ മത്സ്യത്തിന് മെച്ചപ്പെട്ട വില ഉറപ്പുവരുത്തുന്നതിനുവേണ്ടി മത്സ്യത്തിന്റെ ഗുണനിലവാരം കാത്തുസൂക്ഷിക്കുന്നതിനായി ഇൻസുലേറ്റഡ് ഐസ് ബോക്സുകൾ വകുപ്പ് മുഖേന സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നുണ്ട്. കൂടാതെ, ഗുണനിലവാരമുള്ള മത്സ്യത്തിന്റെ ലഭ്യത ഉറപ്പാക്കുന്നതിനായി ലൈവ് ഫിഷ് മാർക്കറ്റുകളും ഫിഷ് കിയോസ്കുകളും ഗുണഭോക്താക്കൾക്ക് നൽകുന്ന പദ്ധതികളും വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു.

**(സി)** മത്സ്യക്ഷാമവും തൽഫലമായുണ്ടാകുന്ന വിലക്കയറ്റവും തടയുന്നതിനായി ഉൾനാടൻ മത്സ്യസമ്പത്ത് വർധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധനവ് ലക്ഷ്യമിട്ട് ഉൾനാടൻ ജല ആവാസവ്യവസ്ഥ സംരക്ഷണവും സംയോജിത മത്സ്യവിഭവ പരിപാലനവും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇതിലൂടെ സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട 10 ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യക്കുഞ്ഞ് നിക്ഷേപവും മത്സ്യങ്ങളുടെയും പ്രജനനവും വളർച്ചയും പ്രോത്സാഹിപ്പിക്കുന്നതിന് Fish/Clam protected area, മത്സ്യസമ്പത്തിന്റെ സുസ്ഥിരമായ പരിപാലനവും ഉറപ്പാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ, ശാസ്ത്രീയ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിലൂടെ മത്സ്യോൽപ്പാദനം വർധിപ്പിക്കുന്നതിനായി മുഖ്യമന്ത്രി മത്സ്യ സമൃദ്ധി പദ്ധതി (CMMSP) നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**(ഡി)** ഉൾനാടൻ മത്സ്യകൃഷിയുടെ വ്യാപനം ലക്ഷ്യമിട്ട് ഈ സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നൂതന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

**<u>മറുപടി:</u>** ഉൾനാടൻ മത്സ്യകൃഷിയുടെ വ്യാപനം ലക്ഷ്യമിട്ട് നൂതന മത്സ്യകൃഷി രീതികൾ പ്രോത്സാഹിപ്പിക്കുകയും അവയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് മുഖ്യമന്ത്രി മത്സ്യ സമൃദ്ധി പദ്ധതി (CMMSP). ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**